Mathrubhumi 29-09-18, P-04

# നെൽകൃഷി മുഴുവൻ മുങ്ങി

## വള്ളത്തോൾ നഗർ

**സുബിൻ ചെറുതുരുത്തി**
ചെറുതുരുത്തി

▸ പ്രളയത്തിൽ വള്ളത്തോൾ നഗർ ഗ്രാമപ്പഞ്ചായത്തിൽ നെൽകൃഷിക്കു സമ്പൂർണ നാശമാണുണ്ടായത്. വെള്ളം കയറി മുങ്ങിപ്പോകാത്ത കൃഷിയിറക്കിയ പാടശേഖരങ്ങളില്ല ഇവിടെ.

എട്ട് പാടശേഖരങ്ങളിൽ മൂന്നെണ്ണം മഴയെയും പുഴയെയും മാത്രം ആശ്രയിച്ചു കൃഷി നടത്തുന്നതാണ്. കൃഷിവകുപ്പിന്റെ കണക്കുപ്രകാരം 90 ശതമാനത്തിനപ്പുറം കൃഷി നശിച്ചുകഴിഞ്ഞു. കടം വാങ്ങിച്ചും വായ്പയെടുത്തും കൃഷിയിറക്കിയവർ സർക്കാർ സഹായം ലഭിച്ചില്ലെങ്കിൽ ദുരിതത്തിലാകും. വെള്ളമിറങ്ങി കൊയ്തെടുത്ത നെല്ലിന് ചെറിയ തോതിൽ കയ്യുരസം ഉള്ളതായി കർഷകനായ വേലായുധൻ പറയുന്നു.



കൊണ്ടയൂരിൽ കൃഷിയിറക്കാനാകാത്ത പാടശേഖരങ്ങളിൽ ആടുകൾ മേഞ്ഞുനടക്കുന്നു

### മറ്റു മാർഗങ്ങൾ കർഷകർക്കു കിട്ടാക്കനി

പള്ളത്തു ജലവിതരണത്തിനുള്ള മോട്ടോർ തകരാറിലായി. പുതുശ്ശേരി ശ്മശാനത്തിന്റെ സമീപം ഇറിഗേഷൻ വകുപ്പിന്റെ പദ്ധതിയും കർഷകർക്കു ഗുണകരമല്ല. ഇതുസംബന്ധിച്ച് പ്രത്യേക പ്രോജക്റ്റ് സമർപ്പിച്ചു കാത്തിരിക്കുകയാണ്. ചീരക്കുഴി റെഗുലേറ്റർ തകർന്നതോടെ കനാലിലൂടെ ഇനിയെന്ന് ജലം എത്തുമെന്ന കാത്തിരിപ്പിലാണ് കർഷകർ. തുലാമഴ കിട്ടിയാൽ ചെറുതുരുത്തി തടയണയിലെ ജലം കിട്ടുമെന്ന പ്രതീക്ഷയിലാണ് ജനങ്ങൾ. ഈ ഭാഗത്ത് ജലവിതരണത്തിനു മോട്ടോർ ഷെഡ് ഉണ്ടായിരുന്നതു കർഷകർക്കു വലിയ ഗുണം ചെയ്തിരുന്നെങ്കിലും ഇന്ന് അതില്ല.

### പ്രളയം കവർന്നെടുത്ത കണ്ണീർപ്പാടങ്ങളിലൂടെ... 6

**വള്ളത്തോൾ നഗർ ഗ്രാമപ്പഞ്ചായത്ത്**

ആകെ പാടശേഖരങ്ങൾ: 82017 വിരിപ്പ്: 83 ഹെക്ടർ 2017 മുണ്ടകൻ: 180 ഹെക്ടർ. 2018 വിരിപ്പ്: 85 ഹെക്ടർ, നശിച്ചത്: 81 ഹെക്ടർ

**ദേശമംഗലം ഗ്രാമപ്പഞ്ചായത്ത്**

ആകെ പാടശേഖരങ്ങൾ: 13, ആകെ കൃഷിയിടം: 450 ഹെക്ടർ. 2017 വിരിപ്പ്: 98 ഹെക്ടർ, 2017 മുണ്ടകൻ: 231 ഹെക്ടർ

## ദേശമംഗലം

### കൃഷിയിറക്കാനാകാതെ കർഷകർ

നെൽകൃഷി ഏറ്റവും നന്നായി നടക്കുന്ന ദേശമംഗലം ഗ്രാമപ്പഞ്ചായത്തിൽ മുണ്ടകൻ കൃഷിയിറക്കാനാകാതെ കർഷകർ ദുരിതത്തിലാണ്. ചീരക്കുഴി കനാൽ ചെറുകനാലുകളായി പിരിഞ്ഞ് അവസാനിക്കുന്നത് ഇവിടെയാണ്. ആകെയുള്ള 13 പാടശേഖരങ്ങളിൽ എട്ടെണ്ണവും ചീരക്കുഴി കനാൽജലത്തെ ആശ്രയിച്ചാണ് കൃഷി ചെയ്യുന്നത്. കഴിഞ്ഞവർഷം 10 ഹെക്ടറോളം തരിശുഭൂമി അധികം കൃഷിയിറക്കിയ കർഷകർ ഇത്തവണ കണ്ണീർക്കയത്തിലാണ്. കൃഷി നടത്തേണ്ട പാടശേഖരങ്ങളിൽ ആളുകൾ ആടുകളെയും പശുക്കളെയും മേയ്ക്കുന്നു. ചിലയിടങ്ങളിൽ കൃഷിയിറക്കാൻ ഞാറ്റടി തയ്യാറാക്കിയെങ്കിലും വെള്ളം കിട്ടാത്തതിനാൽ അത് ഉണക്കുഭീഷണി നേരിടുന്നു.

### മോട്ടോർ ഷെഡുകൾ പ്രളയം കൊണ്ടുപോയി

ഭാരതപ്പുഴയിൽനിന്ന് കൃഷിക്കാവശ്യമുള്ള ജലം എടുത്തിരുന്ന പുഴയുടെ തീരത്തുള്ള രണ്ടു മോട്ടോർ ഷെഡുകൾ പ്രളയത്തിൽ ഒലിച്ചുപോയി. കർഷകർ ഇപ്പോൾ കുറച്ചു പണം പിരിച്ചെടുത്ത് താത്കാലിക ഷെഡ് നിർമിച്ചു മോട്ടോർ നന്നാക്കിയെങ്കിലും, സാങ്കേതിക തടസ്സം പറഞ്ഞ് കറന്റ് കണക്ഷൻ ലഭിക്കാത്തത് തിരിച്ചടിയാകുന്നു.

ചീരക്കുഴി റെഗുലേറ്റർ താത്കാലികമായി നന്നാക്കി കർഷകർക്കു വെള്ളം എത്തിക്കാനുള്ള നടപടി ഉണ്ടാകണമെന്നു ചീരക്കുഴി ദേശമംഗലം സെക്ഷൻ മെമ്പറും കർഷകനുമായ കൊണ്ടയൂരിലെ സനാതനൻ പറയുന്നു.